13/01/22

DESPATCHED
On. 14/2/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 2461** ***(2)/2019***/എസ്.ഐ.സി.തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
(ഫയൽ നമ്പർ **18518**/എസ്.ഐ.സി-ജി *6/2019*)

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീമതി. വിനയകുമാരി ഡി.കെ,
കെ.എൻ. മന്ദിരം, പാങ്ങപ്പാറ വില്ലേജ്,
ചെമ്പഴന്തി (പി.ഒ),
തിരുവനന്തപുരം – 695 587.
} അപ്പീൽ ഹർജിക്കാരി

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
സീനിയർ സൂപ്രണ്ട്,
സർവ്വെയും ഭൂരേഖയും വകുപ്പ്
സർവ്വെ ഡയറക്ടറുടെ കാര്യാലയം,
വഴുതക്കാട്, തിരുവനന്തപുരം – 14.

2. അപ്പീൽ അധികാരി & ഡെപ്യൂട്ടി ഡയറക്ടർ
സർവ്വെയും ഭൂരേഖയും വകുപ്പ്
സർവ്വെ ഡയറക്ടറുടെ കാര്യാലയം,
വഴുതക്കാട്, തിരുവനന്തപുരം – 14.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 12/06/2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 17/06/2019 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 11/07/2019 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 14/08/2019 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 15/11/2019 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 16/11/2019 |
| ഹിയറിംഗ് നടന്ന തീയതി | 10/01/2022 - ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരി<br>എസ്.പി.ഐ.ഒ. | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരിയായ ശ്രീമതി. വിനയകുമാരി ഡി.കെ, 15/11/2019 തീയതി സമർപ്പിച്ച അപ്പീൽ ഹർജി 16/11/2019 തീയതി കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No. 2461(2)/2019/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച ഹർജിയിൽ ഉന്നയിച്ചത്, വിവരാവകാശ അപേക്ഷക്കും, ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ല എന്ന ആക്ഷേപമാണ്.

3. ഒന്നാം എതിർകക്ഷി മുമ്പാകെ 12/06/2019 തീയതി സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരി ആവശ്യപ്പെട്ടത് ജില്ലാ കലക്ടർ സർവ്വേ ഡയറക്ടർക്ക് നൽകിയിട്ടുള്ള 22/02/2019-ലെ ഐ4-76290/2017(2) നമ്പർ കത്തിൽ എൽ.ആർ.എ൦1-60955/12 നമ്പർ ഫയൽ നഷ്ടപ്പെടുന്നതിന് സർവ്വെയർ ശ്രീമതി സുധാമണിയുടെ ഭാഗത്ത് നിന്നും ഗുരുതരമായി വീഴ്ച്ച സംഭവിച്ചതിനാൽ ടിയാൾക്ക് എതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് ശുപാർശ ചെയ്തിരിക്കുന്നുവെന്നും അതിൻപ്രകാരം സർവ്വേ ഡയറക്ടർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന വിവരം നൽകണമെന്നും, സ്വീകരിച്ചിട്ടുണ്ടെങ്കിൽ നടപടി വിവരങ്ങളുടെ പകർപ്പുകൾ ലഭ്യമാക്കണമെന്നുമാണ്.

മേൽപ്പടി അപേക്ഷയിന്മേൽ 17/06/2019-ന് മറുപടിയും നൽകിയിട്ടുണ്ട്.

4. 11/07/2019 തീയതിയിൽ ഹർജിക്കാരിയുടെ അപ്പീലിന്മേൽ 14/08/2019-ന് മറുപടിയും നൽകിയിട്ടുണ്ട്.

5. 22/12/2021 തീയതി രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരിയുടെ അപ്പീലപേക്ഷയിൽ തീർപ്പു കൽപ്പിക്കുന്നതിന് 10/01/2022 തീയതിയിൽ ഹിയറിംഗ് തീരുമാനിച്ചിട്ടുള്ളതും, ശ്രീമതി. സുധാമണിക്കെതിരെ എൽ.ആർ.എം 160955/2012 നമ്പർ ഫയൽ നഷ്ടപ്പെടുത്തിയതിനാണ് അച്ചടക്ക നടപടി സ്വീകരിക്കുവാൻ ജില്ലാ കളക്ടർ ശുപാർശ ചെയ്തതെന്നും, ടി അച്ചടക്ക നടപടിയിൽ ടിയാൾ കക്ഷിയല്ലെന്നും, ഹെഡ് സർവ്വേയർ ശ്രീമതി. സുധാമണിക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടിയുമായി ബന്ധപ്പെട്ട നടപടി വിവരങ്ങൾ ഉത്തരവുകളുടെ

പകർപ്പ് അനുബന്ധവിവരങ്ങൾ എന്നിവയാണ് അപേക്ഷക ആവശ്യപ്പെട്ടിരുന്നതെന്നും ആയത് വിവരാവകാശ നിയമം 2005-ലെ വകുപ്പ് 8(1)(j) യുടെ കീഴിൽ വരുന്ന വ്യക്തി ഗത വിവരങ്ങൾ തന്നെ ആണെന്നും ആയതിനാൽ ടി വിവരങ്ങൾ നൽകേണ്ടതില്ലെന്നും R K Jain Vs Union of India and another 2013(2) KLTSN84 (CNo. 102 SC), Girish Ramachandra Vs. Central Information Commission and others (2012(4) KLT SC326) എന്നീ കേസുകളിൽ ബഹു. സുപ്രീം കോടതി വിധിയായിട്ടുള്ളതാകുന്നു വെന്നും, ശ്രീമതി സുധാമണിക്കെതിരായ അച്ചടക്ക നടപടി വ്യക്തിപരമായ വിവരങ്ങൾ ആയതിനാലും ആയത് തൊഴിൽ ദാതാവും തൊഴിലാളിയും തമ്മിലുള്ള ബന്ധത്തിന്റെ ഭാഗമായതിനാലും സർവ്വീസ് നിയമങ്ങളാണ് ഇവയ്ക്ക് ബാധകമാകുന്നത് എന്നതിനാലും ടി വിവരങ്ങൾ പൊതു പ്രവർത്തനമായോ പൊതു താൽപ്പര്യമായോ യാതൊരു ബന്ധമി ല്ലായെന്നു ബഹു. സുപ്രീംകോടതിയുടെ നിരീക്ഷണപ്രകാരം കാണുന്നതിനാലും ടിയാൾ ആവശ്യപ്പെട്ട പകർപ്പുകൾ അനുവദിക്കാൻ നിർവ്വാഹമില്ലെന്നം ടി സാഹചര്യത്തിലാണ് വിവരാവകാശ നിയമം 2005-ലെ വകുപ്പ് 8(1)(j) പ്രകാരം ടിയാൾ ആവശ്യപ്പെട്ട പകർപ്പു കൾ അനുവദിക്കാതിരുന്നതെന്നുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും, ഇരുകക്ഷികളെ കേട്ടതിലും, 22/12/2021-ലെ രണ്ടാം എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ട് കമ്മീഷൻ അംഗീകരിയ്ക്കുന്നു. പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ഹർജിക്കാരിക്ക് അയച്ചു കൊടുക്കണമെന്നും നിർദ്ദേശിക്കുന്നു.

7. മേൽ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജി ഇന്നേദിവസം 2022 ജനുവരി 13-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി**

AV